# ലുക്ക് ഔട്ട് നോട്ടീസിൽ സാമൂഹിക പ്രവർത്തകർ

'ഇവർ മാവോയിസ്റ്റുകൾ' എന്ന പേരിൽ 2014 ഏപ്രിൽ 20ന് ആഭ്യന്തര വകുപ്പ് പുറത്തുവിട്ട ലുക്ക് ഔട്ട് നോട്ടീസിൽ പൗരാവകാശ സംഘടനകളിൽ പ്രവർത്തിക്കുന്ന നിരവധി പേർ ഉൾപ്പെട്ടിരുന്നു. ജനകീയ സമരങ്ങൾക്ക് നേതൃത്വം നൽകുന്നവരെ മാവോയിസ്റ്റാക്കി വേട്ടയാടാനുള്ള ശ്രമമാണ് ഈ ലുക്ക് ഔട്ട് നോട്ടീസിന് പിന്നിലുള്ളതെന്ന് ആക്ഷേപം ഉയർന്നിരിക്കുകയാണ്. മാവോയിസ്റ്റ് പട്ടികയിൽ സാമൂഹിക-പൗരാവകാശ പ്രവർത്തകർ ഉൾപ്പെട്ട വിവരം എ.ഡി.ജി.പി അന്വേഷിക്കുമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല ഉറപ്പുനൽകിയിരുന്നു. പൗരാവകാശ പ്രവർത്തകരെ ഈ പട്ടികയിൽ ഉൾപ്പെടുത്തിയത് ശരിയായില്ലെന്നും അഡ്വക്കേറ്റ് പൗരനെയും രാവുണ്ണിയേയും തനിക്കറിയാമെന്നും അവർ മാവോയിസ്റ്റുകളല്ല എന്നും ലുക്ക് ഔട്ട് നോട്ടീസ് പിൻവലിക്കണമെന്ന് താൻ ആവശ്യപ്പെട്ടിട്ടുള്ളതാണെന്നും രമേശ് ചെന്നിത്തല പറഞ്ഞിരുന്നു. അന്വേഷണ റിപ്പോർട്ട് കിട്ടിയ ശേഷം നടപടി സ്വീകരിക്കുമെന്ന് അദ്ദേഹം ഉറപ്പ് നൽകുകയും ചെയ്തിരുന്നു. എന്നാൽ നോട്ടീസ് പിൻവലിച്ചതായി കേരളാ പോലീസിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഒരറിയിപ്പുമില്ല. അതേ സമയം പോലീസ് ആസ്ഥാനത്ത് കമ്പ്യൂട്ടറുകൾ വാങ്ങിയതിൽ നടന്ന ക്രമക്കേടുകളെക്കുറിച്ച് വന്ന വാർത്തകൾ അടിസ്ഥാന രഹിതമാണെന്ന് അറിയിച്ചുകൊണ്ടുള്ള പത്രക്കുറിപ്പുണ്ട്.

കേരളത്തിൽ മാവോയിസ്റ്റ് സാന്നിധ്യമുണ്ടെന്നും ഭീഷണിയുണ്ടെന്നും പോലീസ് സേനയെ ഉദ്ധരിച്ച് വാർത്തകൾ വരുന്നുണ്ട്. ഇതുവരെ ഒരു മാവോയിസ്റ്റിനെപ്പോലും കണ്ടവരായി ആരുമില്ല. മാവോയിസ്റ്റുകളുടെ തിരച്ചിലിന് വേണ്ടി കോബ്രാകളെ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നു. നക്സലൈറ്റുകളെ അമർച്ച ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ രൂപം നൽകിയ കോമൺ ബറ്റാലിയൻ ഫോർ റസല്യൂട്ട് ആക്ഷൻ എന്നതാണ് കോബ്ര എന്ന ചുരുക്കപ്പേരിലറിയപ്പെടുന്നത്. കേരളത്തിൽ മാവോയിസ്റ്റ് വേട്ടയ്ക്കായി രൂപം നൽകിയ ഒരു സേനയുണ്ട്. അതാണ് തണ്ടർബോൾട്ട്. തണ്ടർബോൾട്ട് ലക്ഷ്യം കാണാത്തതുകൊണ്ടാണ് കോബ്രയെ ആവശ്യപ്പെടുന്നത്.

മാവോയിസ്റ്റ് ഭീഷണി ഏറ്റവും കൂടുതലുള്ള ചത്തീസ്ഗഢ്, പശ്ചിമബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിലാണ് കോർബയുള്ളത്. ഛത്തീസ്ഗഢ് പോലെയുള്ള മാവോയിസ്റ്റ് ഭീഷണിയുള്ള സംസ്ഥാനങ്ങൾക്ക് മാവോവേട്ടയ്ക്കായി കേന്ദ്രസർക്കാർ 1500 കോടി രൂപയാണ് നൽകുന്നത്. അത്രയും തുക കേരളത്തിനും കിട്ടാൻ വേണ്ടിയാണ് ഇല്ലാത്ത മാവോയിസ്റ്റുകളുടെ പേരിൽ പുകമറ സൃഷ്ടിക്കുന്നതെന്നാണ് ആക്ഷേപം. ആദിവാസി മേഖലയുടെ വികസനത്തിന് അനുവദിച്ച ഫണ്ടുപോലും വകമാറ്റി മാവോവേട്ടയ്ക്കായി വിനിയോഗിച്ചതായി യു.ഡി.എഫ് സർക്കാറിനെതിരെ ആരോപണം ഉയർന്നിരുന്നു.

ജനകീയ സമരങ്ങൾക്ക് നേതൃത്വം നൽകുന്നവരെ മാവോയിസ്റ്റാക്കി വേട്ടയാടാനുള്ള ശ്രമമാണ് ഈ ലുക്ക് ഔട്ട് നോട്ടീസിന് പിന്നിലുള്ളതെന്ന ആക്ഷേപം ഉയർന്നിരിക്കുകയാണ്. വ്യവസ്ഥാപിത രാഷ്ട്രീയ പാർട്ടികളിൽ പ്രവർത്തിക്കുന്നവരെ സാധാരണഗതിയിൽ മാവോയിസ്റ്റാക്കി പോലീസ് മുദ്രകുത്താറില്ലായിരുന്നു. എന്നാൽ ലുക്ക് ഔട്ട് നോട്ടീസിൽ സി.പി.ഐയുടെ ബോബി തോമസ് ഉൾപ്പെട്ടു എന്നത് ഏറെ വിചിത്രമാണ്. ബോബി തോമസ് അന്യസംസ്ഥാന തൊഴിലാളികളെ സംഘടിപ്പിച്ച് സംഘടന രൂപീകരിച്ച വ്യക്തിയാണ്. എ.ഐ.ടി.യു.സിയുടെ നേതത്വത്തിലുള്ള സംഘടനയുടെ പേര് മൈഗ്രന്റ് വർക്കേഴ്സ് യൂണിയൻ എന്നാണ്.

എന്തുകൊണ്ടാണ് മാവോയിസ്റ്റ് പട്ടികയിൽ താങ്കളെ ഉൾപ്പെടുത്തിയത്? അത് സംബന്ധിച്ച് ബോബി പറയുന്നതിങ്ങനെ?

"എന്തുകൊണ്ടാണ് എന്നെ ലുക്ക് ഔട്ട് നോട്ടീസിൽ ഉൾപ്പെടുത്തിയത് എന്നറിയില്ല. മാവോയിസ്റ്റുകളാണെന്ന് സ്വയം പ്രഖ്യാപിച്ചിട്ടുള്ള രൂപേഷ്, ഷൈന എന്നിവർ ഉൾപ്പെട്ട ലിസ്റ്റിലാണ് എന്നെയും ഉൾപ്പെടുത്തിയിരിക്കുന്നത്. ഞാൻ മാവോയിസ്റ്റല്ല. സി.പി.ഐ (എം.എൽ) റെഡ്ഫ്ളാഗിന്റെ പ്രവർത്തകനായിരുന്നു. 2007ൽ ഈ സംഘടനയുമായുള്ള ബന്ധം അവസാനിപ്പിച്ചു. അതിനുശേഷം സി.പി.ഐയുടെ എ.ഐ.ടി.യു.സിയുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നത്. അന്യസംസ്ഥാന തൊഴിലാളികളെ സംഘടിപ്പിക്കുകയും അവരുടെ അവകാശങ്ങൾ നേടിയെടുക്കാൻ ശ്രമിക്കുകയുമാണ് ഞാനിപ്പോൾ. ലുക്ക് ഔട്ട് നോട്ടീസ് പുറത്തുവിടുന്നതിന് മൂന്ന് ദിവസം മുമ്പ് സ്പെഷ്യൽ ബ്രാഞ്ചിൽ നിന്നും ഒരു മുരളീധരൻ വിളിച്ചിരുന്നു. ഞാനിപ്പോൾ സി.പി.ഐയിലാണ് പ്രവർത്തിക്കുന്നതെന്നും മൈഗ്രന്റ് വർക്കേഴ്സ് യൂണിയൻ എന്ന എ.ഐ.ടി.യു.സി സംഘടനയുടെ കൺവീനറാണെന്നും അദ്ദേഹത്തോട് പറഞ്ഞു. എന്നിട്ടും എന്നെ ലുക്ക് ഔട്ട് നോട്ടീസിൽ ഉൾപ്പെടുത്തി."

ഒരു വ്യക്തിയെ ലുക്ക് ഔട്ട് നോട്ടീസിൽ ഉൾപ്പെടുത്തണമെങ്കിൽ ആ വ്യക്തി ക്രൈം ചെയ്തിട്ടുണ്ടാകണം. അല്ലാത്തവരെ ലുക്ക് ഔട്ട് നോട്ടീസിൽ ഉൾപ്പെടുത്താൻ പാടില്ല. ബിനായക് സെൻ കേസിൽ ഇക്കാര്യം കോടതി ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

*(കടപ്പാട്: കേരള ശബ്ദം, 2014 ജൂൺ 1)*